പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1571 02.07.2015 ലെ മറുപടിയ്ക്ക്

## നെൽകൃഷിയുടെ വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ നെൽകൃഷിയുടെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഏക്കറിന്/ഹെക്ടറിന് പ്രീമിയം എത്രയാണ് എന്നും, ഇൻഷ്വറൻസ് തുക എത്രയെന്നും വിശദമാക്കാമോ | (എ) | നെൽകൃഷിയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷി വകുപ്പ് മുഖേന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഹെക്ടറിന് 100/- രൂപയാണ് പ്രീമിയം. നഷ്ടപരിഹാര തുക 45 ദിവസത്തിന് മുകളിൽ പ്രായമുള്ള ചെടികൾ നശിച്ചാൽ 12,500/- രൂപയും 45 ദിവസം വരെയുള്ളതിന് 7,500/- രൂപയും ആണ്.<br><br>പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലെ കർഷകരുടെ പ്രീമിയം ഹെക്ടറിന് യഥാക്രമം 906/-, 1108/- 1148/- എന്നിങ്ങനെയാണ്. നഷ്ടപരിഹാര തുക 45300/-, 55400/-, 57400/- എന്നിങ്ങനെയാണ്. |
| (ബി) | പ്രസ്തുത ഇൻഷ്വറൻസ് തുക തീർത്തും ചെറുതാണെന്നും കൃഷിനാശം സംഭവിച്ചാൽ കർഷകർക്ക് മതിയായ ആശ്വാസം ഇതിലൂടെ ലഭിക്കുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (ബി) & (സി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ കൃഷിനാശത്തിന് ലഭിക്കുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>2015-16 വർഷത്തിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായി നടപ്പിലാക്കുന്ന പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും ഉൾപ്പെടുത്തി നെൽകൃഷിക്കായി ഒരു സമഗ്ര നെൽകൃഷി വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | എങ്കിൽ പ്രീമിയം തുക വർദ്ധിപ്പിച്ച്, ആനുപാതികമായി ഇൻഷ്വറൻസ് തുകയും ഉയർത്തി കർഷകർക്കുണ്ടാകുന്ന നഷ്ടത്തിന് സമാനമായ തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**